പരിശോധന നടത്തുകയുണ്ടായി. ചാലക്കുടിയിലെ 'നിറ്റാ ജലാറ്റിൻ' എന്ന കമ്പനിയിലെ മലിനജല ശുദ്ധീകരണ പ്ലാന്റിലെ ഖരമാലിന്യം വളമാക്കി മാറ്റിയ 'ന്യൂട്രിസോയിൽ' (Nutrisoil) ആണ് ശ്രീ. വിനോദിന്റെ തോട്ടത്തിൽ തെങ്ങ്, കവുങ്ങ് ജാതിക്ക മുതലായവയ്ക്ക് വളമായി ഉപയോഗിക്കുന്നത്. പ്രസ്തുത തോട്ടത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് നിർത്തിവയ്ക്കാൻ സ്ഥലമുടമയ്ക്ക് 19-1-2016-ന് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം 'ന്യൂട്രിസോയിൽ' ഹസാർഡസ് മാലിന്യമാണോ എന്നും സമീപത്തെ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളത്തിൽ ഘന ലോഹങ്ങളുടെ സാന്നിദ്ധ്യം ഉണ്ടോയെന്നും പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. കൂടാതെ 16-1-2016-നും 21-1-2016-നും പട്ടികവർഗ്ഗ കോളനിയിലെ പൊതുകിണറിൽ നിന്നും ജലത്തിന്റെ സാമ്പിശ പരിശോധനയ്ക്കെടുത്തിരുന്നു. തോട്ടത്തിലെ മാലിന്യ നിക്ഷേപംമൂലം ഉണ്ടാകാനിടയുള്ള രാസ, ജൈവ മലിനീകരണം സംഭവിച്ചതായി ഇതുവരെ ലഭ്യമായ പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നില്ല. ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ്, ടോട്ടൽ കോളിഫോം എന്നിവ മാത്രം കുടിവെള്ളത്തിൽ അനുവദനീയമായ പരിധികൾ ലംഘിക്കുന്നതായി കാണുന്നു. പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 21-1-2016, 27-1-2016 എന്നീ തീയതികളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മലിനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത്, പോലീസ്, ആരോഗ്യം, റവന്യൂ എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടുകയും വലിയ അളവിൽ സൂക്ഷിച്ചിട്ടുള്ള മാലിന്യങ്ങൾ പ്രസ്തുത സ്ഥലത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർന്നും മാലിന്യം കൊണ്ടുവരുന്നത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമീപ പ്രദേശത്തെ ആദിവാസികൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും അവർക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ഓരോ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കിട്ടാക്കടം

112 (497) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന - ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് -31 ന് എത്രയായിരുന്നു; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് 31-ന് എത്രയായിരുന്നു വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി എത്രകോടി രൂപയാണ്; 2011 മാർച്ച് -31 ന് എത്രയായിരുന്നു;

(ഡി) വായ്പേതര സഹകരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എത്ര കോടി രൂപയാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2015-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം 3.92 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 189.92 കോടി രൂപയുമാണ്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 3.94 കോടി രൂപയും 84.05 കോടി രൂപയുമായിരുന്നു.

(ബി) 31-12-2015-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 6366.56 കോടി രൂപയാണ്. ജില്ലാ സഹകരണ ബാങ്കുകൾക്ക് ടി തീയതിയിൽ 45876.25 കോടി രൂപ നിക്ഷേപമുണ്ട്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 5205. 44 കോടി രൂപയും 19232.77 കോടി രൂപയുമായിരുന്നു.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31-03-2015-ലെ കണക്ക് പ്രകാരം 557.78 കോടി രൂപയാണ്. 2011 മാർച്ച് 31-ന് ഇത് 414.55 കോടി രൂപയായിരുന്നു.

(ഡി) 30-9-2015-ലെ കണക്ക് പ്രകാരം പത്ത് വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരും കുടിശ്ശിക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

കേരള കർഷക കടാശ്വാസ കമ്മിഷൻ ഉത്തരവിന് വിരുദ്ധമായി ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ

113 (498) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കടാശ്വാസ കമ്മീഷന്റെ ഉത്തരവു പ്രകാരം കമ്മിഷൻതീർപ്പു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly